# 30

# നരകത്തിന്റെ ഒരു മാതൃക
## (വെളിപ്പാട് 9:12-19)

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം ഭയങ്കരമായ "വെട്ടുക്കിളി-കുതിര-തേൾ-മനുഷ്യസങ്കരസന്താനം" എന്നിവ ഭൂമിയിൽ തുറന്നു വിട്ടതായി നാം കാണുകയുണ്ടായി.[1] അവയുടെ ഉപദ്രവങ്ങളുണ്ടായിട്ടും ആളുകളിൽ വലിയ മാറ്റമുണ്ടായില്ല. പക്ഷെ ദൈവം അവിടെ അവസാനിപ്പിച്ചില്ല. ആളുകളെ തന്നോട് അടുപ്പിക്കുവാൻ ദൈവം അന്നും (ഇന്നും) എല്ലാ മാർഗവും ഉപയോഗിക്കും. അതുകൊണ്ട് 9:12 പറയുന്നു "കഷ്ടം ഒന്നു കഴിഞ്ഞു; ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു" (8:13 നോക്കുക). അഞ്ചാം കാഹളം അറിയിച്ച വെട്ടുക്കിളിയുടെ ഉപദ്രവമാണ് "കഷ്ടം ഒന്ന്." അടുത്ത കഷ്ടമാണ് ഈ പാഠത്തിന്റെ വിഷയം: ആറാമത്തെ കാഹളം ഊതിയപ്പോൾ, ദൂതന്മാർ/സൈന്യം പ്രത്യക്ഷമായി. മൂന്നാമത്തേതും അവസാനത്തേതുമായ കാഹളം ഊതുന്നത് കർത്താവ് വീണ്ടും വരുമ്പോഴായിരിക്കും (11:15-19).

ഏഴ് കാഹളങ്ങളെ കുറിച്ച് പഠിക്കുന്നതിൽ, നാം ഒരു പുരോഗതി കാണുന്നു. പാപം ജീവിതത്തിൽ, പൊതുവെ കുഴപ്പങ്ങളുണ്ടാക്കുന്നു എന്ന് ആദ്യത്തെ നാല് കാഹളങ്ങൾ സൂചിപ്പിക്കുന്നു. പാപം ഉപദ്രവിക്കയും വേദനിപ്പിക്കയും ചെയ്യുന്നതായി അഞ്ചാമത്തെ കാഹളം ഊതുന്നത് വ്യക്തമാക്കുന്നു. പാപം പലപ്പോഴും മരണത്തിന് കാരണമായി തീരുന്നു എന്ന് ആറാമത്തെ കാഹളം ഊതുന്നതിലൂടെ നമ്മെ പഠിപ്പിക്കുന്നു. പാപം അതു ചെയ്യുന്ന വ്യക്തിയെ ഉപദ്രവിക്കയും വേദനിപ്പിക്കുകയും ചെയ്യുക മാത്രമല്ല, അതു മറ്റുള്ളവരെയും ബാധിക്കും എന്നതും നാം പഠിക്കും.

### യാഗപീഠത്തിൽനിന്നുള്ള ശബ്ദം (9:13)

ആറാമത്തെ ദൂതൻ തന്റെ കാഹളം ഊതിയപ്പോൾ, "ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽനിന്ന്[2] ഒരു ശബ്ദം യോഹന്നാൻ കേട്ടു" (വാ. 13). 8:3-ൽ നാം സ്വർണ്ണപീഠത്തെ കുറിച്ച് വായിക്കുന്നു.[3] ആ പീഠത്തിൽ വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ധൂപവർഗ്ഗവും ചേർക്കുന്നു. ആ പ്രാർത്ഥനക്കു മറുപടിയായി യാഗപീഠത്തിൽനിന്ന് തീ എടുത്ത് ഭൂമിയിലേക്ക് എറിഞ്ഞ് വിശ്വസ്തർക്കുവേണ്ടി പ്രതികാരം ചെയ്യുന്നു. സ്വർണ്ണയാഗപീഠത്തെ വീണ്ടും എടുത്തുകാണിച്ച്, തന്റെ ജനത്തിന്റെ ആവശ്യങ്ങൾ ദൈവം കേട്ടു നിവർത്തിക്കുമെന്ന് ദൈവം ഓർപ്പിക്കുകയാണ്.

"നാല് കൊമ്പുകളിൽനിന്നുള്ള ശബ്ദത്തിന്റെ ഉറവിടം" എവിടെനിന്നാണെന്ന് നമ്മോട് പറഞ്ഞിട്ടില്ല. 16:7-ൽ യാഗപീഠം സംസാരിക്കുന്നുണ്ട്. അതായിരിക്കാം ഇവിടെയും സംഭവിച്ചത്. പ്രധാനപ്പെട്ട വിശദീകരണം എന്തെന്നാൽ യാഗപീഠം "ദൈവമുമ്പിൽ" ആയിരുന്നു എന്നതാണ്. കൊമ്പുകളിൽനിന്നു കേട്ട ശബ്ദം ദൈവകൽപനയായിരുന്നു.

## **യൂഫ്രാത്തോസ് നദിയിൽ നിന്നുള്ള ദൂതന്മാർ (9:14-16)[4]**

ആ ശബ്ദം ദൂതനോട് പറഞ്ഞത് ഇപ്രകാരമായിരുന്നു, "യൂഫ്രാത്തോസ് മഹാനദീതീരത്ത് ബന്ധിച്ചിരുന്ന നാല് ദൂതന്മാരെയും അഴിച്ചുവിടുക" (വാ. 14).[5] ആ നിർദ്ദേശം നടപ്പാക്കി: "ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ട്, മാസം, ദിവസം, നാഴികക്ക് ഒരുങ്ങിയിരുന്ന നാല് ദൂതന്മാരെയും അഴിച്ചുവിട്ടു" (വാ. 15).

വാക്യം 14 ലും 15 ലും രസകരമായ പല വിശദാംശങ്ങളുമുണ്ട്:

(1) *എവിടെ* എന്ന വശം അവിടെയാണ്: പിന്നീട് "ആറാമത്തെ കലശം മഹാനദിയായ *യൂഫ്രത്തോസിലേക്ക്* ഒഴിച്ചു" (16:12), അങ്ങനെ സ്ഥലം പ്രാധാന്യമുള്ളതാകുന്നു.

യെഹൂദന്മാരെ സംബന്ധിച്ച് യൂഫ്രത്തോസിന് പ്രത്യേക അർത്ഥമുണ്ട്. ഏദെനിൽ ഒഴുകിയിരുന്ന നാല് നദികളിൽ ഒന്നായിരുന്നു യൂഫ്രത്തോസ് (ഉൽപത്തി 2:10, 14) – മനുഷ്യന്റെ ആദ്യ വാസസ്ഥലവും, അവൻ ആദ്യമായി പാപം ചെയ്തതും അവിടെയായിരുന്നു (ഉൽപത്തി 3). ആദ്യം അബ്രഹാമിനും പിന്നെ അവന്റെ സന്തതികൾക്കും ദൈവം വാഗ്ദാനം ചെയ്ത ദേശത്തിന്റെ അതിരായിരുന്നു അത് (ഉൽപത്തി 15:18; പുറപ്പാട് 23:31; 1 രാജാക്കന്മാർ 4:21). അതിനു പുറമെ, അത് ഒരു നിരന്തരമായ അപകട മേഖലയായിരുന്നതുകൊണ്ട്, അവരുടെ ശത്രുക്കൾ നദിയുടെ മറുവശത്തുകൂടെയാണ് വന്നിരുന്നത്. യിസ്രായേലിനെ അവരുടെ പാപങ്ങൾക്ക് ശിക്ഷ നൽകുമെന്ന് ദൈവം ഭീഷണിപ്പെടുത്തിയിരുന്നത് ആ നദിയായിരുന്നു (യെശയ്യാവ് 8:5–8; യിരെമ്യാവ് 46:10). അവസാനം, ബാബേലും അശൂര്യരും യൂഫ്രത്തോസ് കടന്ന് വന്ന് ഉത്തരദേശത്തുള്ളവരേയും ദക്ഷിണദേശത്തുള്ളവരേയും അടിമകളാക്കി കൊണ്ടുപോയി – യെഹൂദന്മാരുടെ ഏറ്റവും വലിയ തരം താഴ്ത്തലായിരുന്നു അത്.

*റോമിനും* യൂഫ്രത്തോസ് പ്രാധാന്യമുള്ളതായിരുന്നു: മറുവശത്തായിരുന്നു റോമാ സാമ്രാജ്യത്തിന്റെ സഖ്യകക്ഷികളിൽ ശക്തരായ പർത്ഥ.[6] ലോകത്തിൽ വെച്ച് ഏറ്റവും വലിയ സൈന്യമായിരുന്നു പർത്ഥരുടേത്. ബി. സി. 53-ൽ പർത്ഥരുടെ കയ്യാൽ ക്രോസിന്റെ തരം താഴ്ത്തുന്ന പരാജയം സംഭവിച്ചശേഷവും "കിഴക്കുനിന്നുള്ള രാജാക്കന്മാർ" "യൂഫ്രത്തോസ് മഹാനദി" (16:12) കടന്നു റോമാ സൈന്യാധിപനെ നിഷ്പ്രഭമാക്കി.

റോമാ സാമ്രാജ്യത്തെ മറിച്ചിടുവാനിടയായ മൂന്നു ഘടകങ്ങൾ റേസമ്മേഴ്സ് കാണുകയുണ്ടായി: പ്രകൃതി ദുരന്തം, ആഭ്യന്തര അധപ്പതനവും, ബാഹ്യമായ ആക്രമണവും. ആദ്യത്തെ നാല് കാഹളങ്ങളാൽ പ്രകൃതിദുരന്തം സംഭവിച്ചതായും, അഞ്ചാമത്തെ കാഹളത്തിൽനിന്നു പുറപ്പെട്ട വെട്ടുക്കിളികൾ ആഭ്യന്തര അധപ്പതനത്തെയും കൊണ്ടുവന്നു എന്നാണ് അദ്ദേഹം ശ്രദ്ധിച്ചത്. മൂന്നാമത്തെ ഘടകമായി അദ്ദേഹം പറഞ്ഞത്, ആറാമത്തെ കാഹളം ആലങ്കാരികമായി പ്രതിനിധാനം ചെയ്യുന്നത്: ബാഹ്യമായ ആക്രമണമാണ്.[7] ഈ വേദഭാഗത്തിൽനിന്നു പ്രായോഗികമാക്കാവുന്ന ഒന്നാണിത്.

എങ്ങനെയായാലും, ഉപയോഗിച്ചിരിക്കുന്ന ഭാഷ അക്ഷരികമല്ല, ആലങ്കാരികമാണെന്ന് മനസിലാക്കണം. *അപകടം* അടുത്തിരിക്കുന്നു എന്ന് അപ്പൊസ്തലൻ പറയുമ്പോൾ, അവന്റെ മനസിൽ ഭൂമിശാസ്ത്രപരമായ സ്ഥലത്തിന്റെ ചിന്തയോ സൈന്യത്തിന്റെ ആക്രമണമോ ഒന്നും അധികമായിട്ടില്ലായിരുന്നു – *പാപത്തിന്റെ ഫലമായിട്ടുള്ള* വിപത്തായിരുന്നു ഉടനെ വരുവാനിരുന്നത്.

“ഏതൊരു മാനുഷ സൈന്യത്തേക്കാളും ഭയപ്പെടേണ്ട ഒന്നായിരുന്നു യൂഫ്രത്തോസ് നദിയുടെ തീരത്തേത്. അത് ഒരു അസാധാരണവും, തീർച്ചയായും പൈശാചികവുമായ സൈന്യ [മായിരുന്നു].”[8]

(2) *എപ്പോൾ* എന്നതിന്റെ വിശദാംശം പറയേണ്ടതാണ്: ആ നാല് ദൂതന്മാരും “ഇന്ന ആണ്ട്, മാസം, ദിവസം, നാഴികെക്ക് ഒരുങ്ങിയിരുന്നു” (വാ. 15). നാഴിക, ദിവസം, മാസം, ആണ്ട് എന്നത് ഒരു *പ്രത്യേക* സമയത്തെ സൂചിപ്പിക്കുന്നു – അത് “ദൈവമനസിലുറപ്പിച്ച ഒരു പ്രത്യേക സമയമാണ്”[9] എൻഐവിയിൽ “ഈ നാഴികയിലും, ദിവസത്തിലും, മാസത്തിലും വർഷത്തിലും” എന്നാണ്. എസ്ഈഎബിയിൽ “*കൃത്യമായ* ഈ നാഴികയിലും, കൃത്യമായ ദിവസത്തിലും, കൃത്യമായ മാസത്തിലും, *കൃത്യമായ* വർഷത്തിലും” എന്നാണ്.[10] ദൈവമാണ് നിയന്ത്രിക്കുന്നത് എന്നതാണ് വാക്യത്തിലെ സന്ദേശം. അവന്റെ സമയവിവരപ്പട്ടിക അവന് മാത്രമേ അറിയാവു (പ്രവൃത്തികൾ 1:7 നോക്കുക) – എന്നാൽ അതായിരിക്കും ശരിയായ സമയം. അവന്റെ പദ്ധതി അവൻ നടപ്പാക്കും. അവന്റെ ആളുകൾക്ക് അതിൽ ആശ്രയിക്കാം.

(3) *എന്തുകൊണ്ട്* എന്ന വിശദാംശം അസ്വസ്ഥതയുളവാക്കുന്നതും ഗൂഢാലോചന നടത്തുന്നതുമാണ്: “*മനുഷ്യരെ മൂന്നിലൊന്നു കൊല്ലുവാൻ* ദൂതന്മാരെ തുറന്നു വിട്ടിരിക്കുന്നു” (വാ. 15; എംഫസിസ് മൈൻ). ഇതാദ്യമായിട്ടാണ്, മനുഷ്യരുടെ മരണത്തിനായി കാഹളം ഉപയോഗിക്കുന്നത്. ആദ്യത്തെ നാല് കാഹളങ്ങൾ പ്രകൃതിയുടെ നേർക്കായിരുന്നു, അതിനാൽ ആളുകളെ അത് പരോക്ഷമായിട്ടേ ബാധിച്ചുള്ളു. അഞ്ചാമത്തെ കാഹളം മനുഷ്യരുടെ നേർക്കായിരുന്നു, എന്നാൽ വെട്ടുക്കിളികൾക്ക് “ആരെയും കൊല്ലുവാനുള്ള അനുവാദമില്ലായിരുന്നു.” (9:5). അതിന് വിപരീതമായി, ആറാമത്തെ കാഹളം മനുഷ്യവർഗത്തിലെ മൂന്നിലൊന്ന് ഉന്മൂലനാശം വരുത്തുകയായിരുന്നു.

ഒരിക്കൽ കൂടെ, ന്യായവിധി ഭാഗികമായിരുന്നു: മനുഷ്യവർഗത്തെ മുഴുവനും നശിപ്പിച്ചില്ല, മൂന്നിൽ-ഒന്നു “മാത്രം”.[11] ബാധിക്കാതെ മുന്നിൽ-രണ്ടു ഭാഗം മനുഷ്യർ ജീവിച്ചിരുന്നു (9:20). ആ മൂന്നിൽ-രണ്ടു ഭാഗം ആളുകളെ കുറിച്ചായിരുന്നു ദൈവം വിചാരപ്പെട്ടത്, അവർ മാനസാന്തരപ്പെടുമെന്നായിരുന്നു ദൈവം പ്രതീക്ഷിച്ചത്.

(4) ആ വേദഭാഗത്തിലെ ഏറ്റവും പരിഭ്രമിപ്പിക്കുന്ന വശമാണ് *ആർ* എന്നത്: “*നാല് ദൂതന്മാരെയും* അഴിച്ചുവിടുക ... അവരെ അഴിച്ചുവിട്ടു ...” (വാ. 14, 15). നാശമായ കാറ്റുകളെ പിടിച്ചിരുന്ന *നാല് ദൂതന്മാരാണോ* ഇവർ (7:1),[12] അതോ അവർ “നല്ലവരോ” അല്ലെങ്കിൽ “മോശപ്പെട്ടവരോ” എന്നത് അപ്രസക്തമാണ്. അവർ ആരായിരുന്നാലും അല്ലെങ്കിൽ എന്തായിരുന്നാലും, അവരെ ദൈവം നിയന്ത്രിക്കുകയും പ്രവർത്തിപ്പിക്കയും ചെയ്തിരുന്നു. ആ നാല് ദൂതന്മാരുടേയും പ്രവൃത്തികൾ ഭൂമിയെ മുഴുവനും ബാധിക്കുന്ന വിധത്തിലായിരുന്നു.[13]

അടുത്ത വാക്യം വായിക്കുമ്പോഴാണ് ആർ എന്നതിലെ പരിഭ്രമിപ്പിക്കുന്ന ഭാഗം കാണുന്നത്.തങ്ങളുടെ പ്രത്യേക ദൗത്യം നിറവേറ്റുവാൻ ആ ദൂതന്മാർ ഒരുങ്ങിയിരുന്നു. ഇപ്പോൾ അവർക്ക് നിർദ്ദേശം കൊടുത്തു തുറന്നുവിട്ടു. ദൂതന്മാർ തങ്ങളുടെ ദൗത്യം നിറവേറ്റുമെന്ന പ്രതീക്ഷയിൽ നമുക്ക് വായിക്കാം. പകരം നമ്മോട് പറയുന്നത് “കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങ് ഇരുപതിനായിരം എന്ന് ഞാൻ കേട്ടു എന്നാണ്” (വാ. 16). കുതിരക്കാരോ? കുതിരക്കാർ എവിടെനിന്ന് വന്നു? ദൂതന്മാർക്ക് എന്ത് സംഭവിച്ചു? ആ നാല്

ദൂതന്മാർ കാഴ്ച്ചക്ക് മറഞ്ഞു, വീണ്ടും ഒരിക്കലും അവരെപ്പറ്റി പറയുന്നില്ല.

ആ കുതിരക്കാരുടെ സംഘത്തെ *നയിച്ച്* യൂഫ്രത്തൊസ് നദി കടത്തിയത് നാല് ദൂതന്മാരായിരുന്നു എന്നാണ് മിക്ക വ്യാഖ്യാതാക്കളും കരുതുന്നത്. ആയിരിക്കാം, പക്ഷെ വേദഭാഗത്ത് അതൊന്നും പറയുന്നില്ല. ദൃശ്യാവിഷ്ക്കാരത്തിന്റെ ഗുണം മനസിൽ വെച്ചുകൊണ്ട്, മറ്റൊരു സാധ്യത ഞാൻ പറയട്ടെ, "മൂന്നിലൊന്ന് മനുഷ്യരെ കൊല്ലുക" എന്നതായിരുന്നു ദൂതന്മാരുടെ ദൗത്യം (വാ. 15), പക്ഷെ ആരാണ് അത് നടപ്പാക്കുന്നത്? കുതിരക്കാരും അവരുടെ കുതിരകളും (9:18). അതുകൊണ്ട് ഞാൻ ഈ നിർദ്ദേശം നൽകട്ടെ:

ദൂതന്മാർ = സൈന്യ
വും
സൈന്യം = ദൂതന്മാർ

റോബർട്ട് മുതോളന്റ് എഴുതി, "ആ ഭാവനാ ക്രമീകരണത്തിൽ ഒന്ന് ദൃശ്യാനുഭവത്തിൽ സാധാരണമായതാണ്, നാല് ദൂതന്മാർ *പെട്ടെന്ന്* വലിയ ഒരു സൈന്യമായി തീരുന്നു."[14] ആധുനിക സിനിമാ നിർമ്മാതാക്കൾ "മോർഫിങ്ങ്" എന്ന ഒരു സംവിധാനം ഉപയോഗിക്കുന്നുണ്ട്. സാങ്കേതികവിദ്യയാൽ ഒരു വ്യക്തിയെയോ (അല്ലെങ്കിൽ ഒരു വസ്തു) പെട്ടെന്ന് മറ്റൊരാളാക്കി (വസ്തുവാക്കി) മാറ്റുന്നതാണ് "മോർഫിങ്ങ്."[15] അദ്ധ്യായം 9 ന്റെ അവസാനഭാഗത്തെ രംഗം നാം ചിത്രമായി കാണുമ്പോൾ, ആ ദൂതന്മാരുടെ രൂപം, മാറി, നമുക്ക് മുന്നിൽ ഒരു സൈന്യമായി തീരുന്ന കാഴ്ച്ച കാണണം.

## "നരകത്തിൽനിന്നുള്ള കുതിരക്കാർ" (9:16-19)

"നരകത്തിൽനിന്നുള്ള കുതിരക്കാർക്ക്" പ്രവർത്തിക്കുവാനുള്ള സമയമായിരുന്നു അത്. (ഈ പാഠത്തിന്റെ അവസാനം വരുന്ന "നരകത്തിൽനിന്നുള്ള കുതിരക്കാരും (കുതിരകളും)" എന്ന ചിത്രീകരണം നോക്കുക.) "പാമ്പിന്റെ വാലോടുകൂടി തീ-തുപ്പുന്ന പ്രതികാര ദാഹികളായ 200 ദശലക്ഷം കുതിരകൾ മെസൊപ്പൊത്താമിയയിൽ നിന്നു കയറിവരുന്നത് കണ്ട് യോഹന്നാൻ തന്നെ അതിശയിച്ചുപോയി."[16]

അപ്പൊസ്തലൻ ആദ്യം പറഞ്ഞത് "കുതിരക്കാരുടെ സംഖ്യ ഇരുനൂറ് ദശലക്ഷം ആയിരുന്നു എന്നാണ്" (വാ. 16). ഇത് വെളിപ്പാട് പുസ്തകത്തിലെ ഏറ്റവും വലിയ സംഖ്യയാണ്. "സാധാരണ കുതിരപ്പട്ടാളത്തെ ക്രമീകരിക്കുന്ന വിധത്തിൽ നോക്കിയാൽ അത് ഒരു മൈൽ വീതിയിലും എൺപത്തി-യഞ്ചു മൈൽ നീളത്തിലുമുള്ള ഒരു സംഘമായിരിക്കും!"[17] അത്തരം വലിയ പുരുഷാരത്തെ യോഹന്നാന് എണ്ണുവാൻ പ്രയാസമാണ്; അതു തന്നെയായിരുന്നു 144,000 പേരുടെ കാര്യത്തിലുമുണ്ടായിരുന്നത് (7:4), അവൻ "അവയുടെ സംഖ്യ *കേട്ടതാണ്*" (9:16; എംഫസിസ് മൈൻ). ഒരുപക്ഷെ ആരെങ്കിലും (ദൂതൻ) കൊടുത്തതാകാം ആകെയുള്ള സംഖ്യ.

സംഖ്യ അക്ഷരികമായി എടുക്കരുത്. അത് ഒരു *ദർശനത്തിൽ* കണ്ടതായാണ് അടുത്ത വാക്യത്തിൽ പറയുന്നത്. "രണ്ട്" ശക്തിയെ സൂചിപ്പിക്കുന്ന സംഖ്യയാണ്, എന്നാൽ "പത്ത്" വർദ്ധിച്ച പൂർണ്ണതയെ പെരുക്കുന്ന സംഖ്യയാണ്. അതുകൊണ്ട് "ഇരുനൂറ് ദശലക്ഷം" എന്നത് *അജയ്യമായ ശക്തി*

യെയാണ് സൂചിപ്പിക്കുന്നത്.[18] എന്തുകൊണ്ടാണ് അത്രയും വലിയ സംഖ്യ ഉപയോഗിച്ചിരിക്കുന്നത്? ജിം മെക്ഗ്വിഗിൻ പറഞ്ഞു, "ശത്രുക്കളെ കാണിച്ച് ഭയപ്പെടുത്തുവാൻ. തന്റെ ഉപയോഗത്തിനായി ദൈവത്തിന് അത്രയും വലിയ സൈന്യമുള്ളതുകൊണ്ട് വിശുദ്ധന്മാർക്ക് സന്തോഷിക്കുവാൻ. ദൈവനിയന്ത്രണത്തിന് ഊന്നൽ നൽകുവാൻ."[19] അദ്ദേഹത്തിന്റെ ആദ്യത്തെ കാരണത്തിൽ അൽപം മാറ്റം വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു: "പാപസംബന്ധമായ ശത്രുവിനെ ഭയപ്പെടുവാൻ." ഭൂവാസികളെ മുന്നറിയിക്കുന്നതിനും അവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനുമായിരുന്നു കാഹളങ്ങളുടെ ഒരുദ്ദേശം.

യോഹന്നാന്റെ കാലത്തെ ക്രിസ്ത്യാനികൾക്ക് പ്രതിരോധിക്കുവാൻ കഴിയാത്ത ഒരു ശക്തി കാണിച്ച്, അവരെ ഉപദ്രവിക്കുന്നവരെ നശിപ്പിക്കുവാൻ മതിയായ ശക്തി ദൈവത്തിനുണ്ടെന്ന് ബോധ്യമാക്കി. പാപത്തിന് ഭയങ്കരവും കീഴ്പ്പെടുത്തുന്നതുമായ അനന്തരഫലമുണ്ടെന്നാണ് അത് വ്യക്തമാക്കുന്നത് – ദേശങ്ങൾക്കായാലും വ്യക്തികൾക്കായാലും അത് വാസ്തവമാണ്!

കുതിരക്കാരെയും, അവരുടെ കുതിരകളെയും വിശദമാക്കുവാൻ യോഹന്നാൻ തയ്യാറായി. അവൻ അത് ചെയ്യുന്നതിനു മുൻപ് പറഞ്ഞു, "ദർശനത്തിൽ ഞാൻ കണ്ടത് ഇതാണ് ..." (വാ. 17).

> തനിക്ക് ദർശനത്തിൽകൂടെയാണ് വെളിപ്പാടുകൾ ലഭിച്ചതെന്ന് യോഹന്നാൻ പ്രത്യേകമായി സൂചിപ്പിക്കുന്നത്. ആ അഭിപ്രായം "അധികപ്പറ്റായി ചേർത്തതായിരുന്നില്ല" ... പക്ഷെ തന്റെ വിവരണങ്ങൾ അലങ്കാരസ്വഭാവത്തിന് യോജിച്ചതാണെന്ന സൂചനയാണ് നൽകുന്നത്.[20]

കുതിരകളെയും അതിലിരിക്കുന്നവരെയും കുറിച്ച് യോഹന്നാൻ എന്താണ് കണ്ടത്? ആദ്യം, "കുതിരക്കാർക്ക്[21] തീനിറവും, രക്തനീലവും, ഗന്ധകവർണ്ണവുമായ[22] കവചം" (വാ. 17). യോഹന്നാന്റെ വിവരണം നിങ്ങൾക്ക് പൂർണ്ണമായി ലഭിക്കുന്നതിന് ബ്രയൺ വാറ്റിന്റെ ചിത്രവും കൂടെ ചേർക്കണം. ദർശനം പ്രാഥമിക നിറങ്ങളായ: ചുവപ്പും, നീലയും, മഞ്ഞയും ഉപയോഗിച്ചിരിക്കുന്നു. തീ-നിറം എന്നത് ചുവപ്പാണ്; സാധാരണ രക്തനീല[23] പുഷ്പത്തിന്റെ നിറം നീലയാണ്; സൾഫറിനുള്ള പഴയ ഇംഗ്ലീഷ് വാക്കാണ് ബ്രൈംസ്റ്റോൺ, അത് മഞ്ഞയാണ്. എൻസിവി പറയുന്നു, "അവയുടെ കവചം, ഭയാനക ചുവപ്പും, ഇരുണ്ട നീലയും, ഗന്ധകം പോലെ മഞ്ഞയുമായിരുന്നു."

കുതിരകളേക്കാൾ ആകർഷണീയം കുതിരകളായിരുന്നു. "കുതിരകളുടെ തല സിംഹങ്ങളുടെ തല പോലെ ആയിരുന്നു" (വാ. 17). സിംഹങ്ങളുടെ ചിഹ്നം മുൻപും പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (4:7; 5:5; 9:8). അദ്ധ്യായം 9-ൽ, അതിന്റെ പ്രാഥമികമായ അർത്ഥം ശക്തിയാണ്, അന്തർലീനമായിരിക്കുന്ന രണ്ടാമത്തെ അർത്ഥം ശിക്ഷിക്കുവാനുള്ള അല്ലെങ്കിൽ നശിപ്പിക്കുവാനുള്ള ശക്തി എന്നാണ്. സിംഹത്തിന്റെ-തലയുള്ള കുതിരകൾക്ക് ശക്തിയുണ്ട്, അവയ്ക്ക് ആയിരക്കണക്കിന് ആളുകളെ കൊല്ലുവാനും കഴിയുമായിരുന്നു.

ആ കുതിരകൾ തീ തുപ്പുന്നവയായിരുന്നു: "വായിൽനിന്നു തീയും പുകയും, ഗന്ധകവും പുറപ്പെട്ടു" (വാ. 17). ഒരുനിമിഷം നിന്ന് നിങ്ങളുടെ മനസിലേക്ക് തീയും, പുകയും, ഗന്ധകവും കൊണ്ടുവരികയും – ഗന്ധകം മണക്കുകയും ചെയ്യുക. ഗന്ധകം കത്തുന്ന *ഗന്ധം* അനുഭവപ്പെട്ടിട്ടുള്ളവർക്ക് അറിയാം ചീമുട്ടയുടെ ഗന്ധമാണ്, അത് ഒരിക്കലും മറക്കുകയുമില്ല.

"തീയും, പുകയും ഗന്ധകവും" കർത്താവിൽനിന്നുള്ള ശിക്ഷയെ കാണിക്കുന്നതാണ്. ദുഷ്ടരായ ആളുകൾ വസിച്ചിരുന്ന തുറസായ പട്ടണങ്ങളെ ദൈവം നശിപ്പിച്ചപ്പോൾ, "ആകാശത്ത്നിന്നു ഗന്ധകവും തീയും വർഷിപ്പിച്ചു" (ഉൽപത്തി 19:24).[24] സാത്താനെ പിൻപറ്റുന്നവർക്ക് വരുവാനുള്ള ശിക്ഷയെ കുറിച്ച് വെളിപ്പാട് പുസ്തകം പറയുന്നു:

> [അവർ] ദൈവക്രോധമദ്യം കുടിക്കേണ്ടി വരും, വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിദണ്ഡനങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നേക്കും പൊങ്ങും; രാവും പകലും അവർക്ക് ഒരു സ്വസ്ഥതയും ഉണ്ടാകയില്ല ... (14:10, 11; 19:20; 20:10; 21:8).

എന്നെ തെറ്റിദ്ധരിക്കരുത്: വെളിപ്പാട് 9 ലെ സിംഹത്തിന്റെ തലയോടു കൂടിയ വികൃതജീവികൾ തീയേയും ഗന്ധകത്തേയും പ്രതിനിധീകരിക്കുന്നു എന്നല്ല ഞാൻ പറയുന്നത്. എങ്ങനെയായാലും, അത് നമ്മുടെ ചിന്തക്കപ്പുറവുമാകുന്നില്ല, മറിച്ച് അത് *നരകത്തിന്റെ മാതൃകയാണ്.* ചിലപ്പോൾ, നമുക്ക് സന്തോഷവും കൂട്ടായ്മയും അനുഭവപ്പെടുമ്പോൾ നാം പറയും, "ഇത് സ്വർഗത്തിന്റെ ഒരു മാതൃകയാണ്." അതേപോലെ, ആ ഭയപ്പെടുത്തുന്ന ജീവികൾ നരകം എങ്ങനെയായിരിക്കുമെന്ന് മുൻകൂട്ടി കാണിച്ചുതരികയാണ്.

ഒരുപക്ഷെ പ്രത്യേകതയെന്തെന്നാൽ, "തീയും ഗന്ധകവും പുറപ്പെടുന്നത് ആ വികൃതജീവികളുടെ വായിൽനിന്നാണ്" എന്നത്രെ. വാക്യം 19 പറയുന്നു, "കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു ...". നാം യേശുവിന്റെ വായിൽനിന്ന് വാൾ പുറപ്പെടുന്നതിനെ കുറിച്ച് നാം പഠിച്ചപ്പോൾ (1:16; 2:16), വാൾ അവന്റെ വായിൽനിന്നു വന്നതുകൊണ്ട് അത് അവന്റെ ന്യായവിധിക്കാണെന്ന് നാം മനസിലാക്കി. രണ്ട് സാക്ഷികളെ കുറിച്ച് നാം പഠിക്കുമ്പോൾ, അവരുടെ ശത്രുക്കളെ നശിപ്പിക്കുവാനുള്ള തീ അവരുടെ വായിൽനിന്ന് പുറപ്പെടുന്നത് നാം കാണും (11:5). വീണ്ടും, അവർ *സന്ദേശം* പ്രസംഗിച്ചു എന്ന സൂചനയാണ് അത് നൽകുന്നത്. സർപ്പത്തിന്റെ (സാത്താൻ) വായിൽനിന്ന് ജലപ്രളയം പുറപ്പെടുന്നതും (12:15), ക്രിസ്തുവിന്റെ ശത്രുക്കളുടെ വായിൽനിന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതും (16:13), നാം പിന്നീട് കാണും. ഇതു രണ്ടും, പിശാചിന്റെ പരിശീലനമായ, നുണയും, തെറ്റും, ദൈവമില്ലായ്മയും വ്യാപിപ്പിക്കലാണ്.

നാം പറഞ്ഞതായ "നരകത്തിന്റെ മാതൃക" സൂചിപ്പിക്കുന്നതാണെന്ന് തോന്നുന്നു കുതിരകളുടെ *വായിൽ*നിന്നു പുറപ്പെട്ടതായ "തീയും, പുകയും, ഗന്ധകവും" എന്ന ഭാവന. സിംഹത്തിന്റെ തലയോടുകൂടിയ വികൃതജീവികളുടെ വായിൽനിന്ന് തീയും പുകയും മറ്റും പുറപ്പെടുന്നത് ഞാൻ വായിക്കുമ്പോൾ, എനിക്ക് ഓർമ്മ വരുന്നത് യാക്കൊബ് 3:6 ആണ്: "നാവും ഒരു തീ തന്നെ, അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന്ന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കയും ചെയ്യുന്നു."

മൃഗങ്ങളുടെ വായിൽനിന്നു പുറപ്പെടുന്ന നശീകരണ തീയിൽ ദുരുപദേശങ്ങളും അടങ്ങുന്നു. "അവയുടെ വായിൽനിന്ന് പുറപ്പെട്ടതായിരുന്നു വാസ്തവത്തിൽ ഭീഷണിയുയർത്തിയത് – ദുരുപദേശം ആളുകളെ ദൈവ

ത്തിൽനിന്നകറ്റുന്നു”[25] എന്നാണ് കുതിരകളെ പറ്റി എൽഡ്രെഡ് എക്കോൾസ് പറഞ്ഞത്. എങ്ങനെയായാലും, നാം മരണത്തെ-കൈകാര്യം ചെയ്യുന്ന തീ മതപരമായ തെറ്റായി കാണരുത്. തെറ്റ് പഠിപ്പിച്ച് ആത്മാക്കൾ നഷ്ടപ്പെടുന്നതുപോലെതന്നെ ചിന്തിക്കാതെയുള്ള പരുഷമായ വാക്കുകളും ആത്മാക്കൾക്ക് കുഴപ്പം വരുത്തുകയോ നാശം വരുത്തുകയോ ചെയ്യും.

ആ മാരകമായ കുതിരകളുടെ മറ്റൊരു വിശദാംശം വാക്യം 19-ൽ കാണാം: “കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു; കാരണം അവയുടെ *വാലുകൾ* സർപ്പത്തെ പോലെയായിരുന്നു,[26] തലയും; ഇവയാലത്രെ കേട് വരുത്തുന്നത്.” (എംഫസിസ് മൈൻ.) ആ കുതിരകളുടെ രണ്ടറ്റവും മാരകമായിരുന്നു; വരുമ്പോഴും പോകുമ്പോഴും അവയ്ക്ക് കൊല്ലുവാൻ കഴിയുമായിരുന്നു![27] ആ ഭയങ്കര വാലുകൾ മടക്കുമ്പോഴും, തിരിക്കുമ്പോഴും, അടിക്കുമ്പോഴും, എന്നെ ഓർപ്പിക്കുന്നത് തേളുകളുടെ വാലോടുകൂടിയ വെട്ടുക്കിളികളെയാണ്. അദ്ധ്യായം 9 ലെ കുതിരകളെ “വളർന്ന വെട്ടുക്കിളികൾ” എന്നാണ് വിളിച്ചിരുന്നത്.

വാക്യം 18 അടിവരയിടുന്നത് കുതിരകളുടെ ആയുധശാലയുടെ പര്യാപ്തതയാണ്: “തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധകളാൽ മുന്നിലൊന്ന് മനുഷ്യരെ കൊന്നുകളഞ്ഞു, അവയുടെ വായിൽനിന്നാണ് അത് പുറപ്പെട്ടത്.” ഈ മൂന്നു ബാധകളിൽ ഓരോന്നിനും “എന്തെങ്കിലും അർത്ഥം” കാണും എന്ന് ധരിക്കരുത്. “ബാധകൾ” പുറപ്പാട് ഭാഷയുടെ ഭാഗമാണ്, അത് വെളിപ്പാട് പുസ്തകത്തിലുടനീളം കാണാം,[28] പക്ഷെ “മൂന്ന്” സൂചിപ്പിക്കുന്നത്, ബാധകൾ *ദൈവിക*ന്യായവിധിയാണ് എന്നാണ്.[29]

ഇപ്പോൾ നമ്മുടെ വേദഭാഗം ഏതാണ്ട് അവസാനിക്കാറായി, വീണ്ടും നാം പുറകോട്ട് പോയി രംഗം മുഴുവൻ നോക്കേണ്ടതായിട്ടുണ്ട്.[30] വാസ്തവത്തിൽ ആ രണ്ട് ദശലക്ഷം സൈന്യം എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത്?

മുൻപ് പറഞ്ഞതുപോലെ, വെളിപ്പാട് 9 ലെ സൈന്യം, വാസ്തവത്തിലുള്ള സൈന്യമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്നത് കാണാം: ഭൂതകാല സമീപനക്കാർ ഒന്നാം നൂറ്റാണ്ടിലെ പർത്ഥർക്കാണ് ഊന്നൽ കൊടുക്കുന്നത്, തുടർ-ചരിത്രസമീപനക്കാർ, എട്ടും ഒമ്പതും നൂറ്റാണ്ടുകളിലെ മുസ്ലിം സൈന്യത്തെയും, ഭാവികാല സമീപനക്കാരും/ആയിരമാണ്ടു വാഴ്ച്ചക്കാരും വർത്തമാന-കാല തിരഞ്ഞെടുപ്പും നടത്തുന്നുണ്ട്. കുതിരകളെത്തന്നെ പലപ്പോഴും യുദ്ധോപകരണങ്ങളായി കണക്കാക്കുന്നുണ്ട്. ലോകമഹായുദ്ധം II നിടയിൽ നടന്ന സംഭവങ്ങളെ വ്യാഖ്യാതാക്കൾ താരതമ്യം ചെയ്യുന്നത്, തീ - തുപ്പുന്ന കുതിരകളെ തീജ്വാല-തൊടുത്തുവിടുന്ന ടാങ്കുകളോടാണ്. ഇന്ന് ഉദ്വേഗമുണ്ടാക്കുന്നവർ, അതിനെ മിസൈൽ-തൊടുത്തുവിടുന്നതിനോടും മറ്റു കൂട്ടമായി നശിപ്പിക്കുന്ന ഉപകരണങ്ങളോടും താരതമ്യം ചെയ്യുന്നുണ്ട്.

ഇപ്പോൾ വെളിപ്പാട് പുസ്തകത്തിന്റെ ഉദ്ദേശത്തിലും, രീതിയിലും, മുകളിൽ പറഞ്ഞ വ്യാഖ്യാതാക്കൾ, സ്ഥിരതയുള്ളവരല്ല എന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടുകാണുമല്ലോ.[31] ഭാവിയിൽ നൂറുകണക്കിന് വർഷങ്ങൾക്ക് ശേഷം സംഭവിക്കുവാനിരിക്കുന്നത് മർമ്മമായി-ടാങ്കുകളെയും, മീസൈൽ - തൊടുത്തുവിടുന്നതിനെയും വിശദമാക്കാതെ പറഞ്ഞാൽ അത് ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് എന്തു പ്രയോജനമാണ് ലഭിക്കുന്നത്?

നേരെ മറിച്ച്, കുതിരകളും കുതിരക്കാരും പൊതുവിൽ യുദ്ധത്തെ കാണിക്കുന്ന അലങ്കാരമാണെന്ന് പറയുവാനാണ് തടസം ഒന്നും കാണാത്തത്.[32]

ദൈവം തന്റെ ഉദ്ദേശം നടപ്പാക്കുവാൻ വാസ്തവത്തിലുള്ള പല യുദ്ധങ്ങളും പണ്ട് നടത്തിയിട്ടുണ്ട്; പഴയ നിയമത്തിൽ നിറയെ മാതൃകകളുണ്ട്. ശക്തരായ റോമാ സാമ്രാജ്യത്തെ പരാജയപ്പെടുത്തുവാൻ ദൈവം ബാഹ്യമായ ആക്രമണം നടത്തിയിരുന്നു. നമ്മുടെ ഈ നൂറ്റാണ്ടിലും ദൈവം തന്റെ ഉദ്ദേശം നിറവേറ്റുവാൻ യുദ്ധങ്ങൾ നടത്തുന്നുണ്ട്. ഉദാഹരണത്തിന്, ലോകമഹായുദ്ധം II-ൽ ക്രിസ്തുവിന്റെ സഭകൾ വ്യാപിക്കുവാനിടയായി. യുദ്ധക്കളത്തിലായിരുന്ന പലരും തങ്ങൾ യുദ്ധം ചെയ്ത സ്ഥലങ്ങളിൽ പോയി സുവിശേഷം പ്രചരിപ്പിക്കുവാൻ തീരുമാനിച്ചു. ലോകത്തിൽ യുദ്ധം ഉണ്ടാകുന്നതിനെ സംബന്ധിച്ച്, മനുഷ്യരുടെ കൊള്ളരുതായ്മക്ക് ദൈവം ഉത്തരവാദിയല്ല. അവൻ തന്റെ പദ്ധതി തുടർന്നുകൊണ്ടിരിക്കും.

ഇവിടെ രണ്ട് മുന്നറിയിപ്പ് വാക്കുകൾ നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു: (1) അതിരുകടക്കുന്നില്ലെങ്കിൽ, കുതിരകളും കുതിരക്കാരും ആലങ്കാരികമാ*ണെന്ന്* കരുതുന്നതിന് എനിക്ക് ഒരു തടസവുമില്ല. ജി. ആർ ബീസ്ലേ-മുറേ പറഞ്ഞു, "കുതിരകളെയും കുതിരക്കാരെയും യഥാർത്ഥമായി മാത്രം എടുക്കുന്നത് - പിന്നീടുള്ള ചില വായനക്കാർ എടുക്കുന്നത്, ഒരുപക്ഷെ യോഹന്നാനെ അതിശയിപ്പിച്ചു കാണും".[33] വാരെൻ വിയേഴ്സ്ബേ എഴുതി,

> നാം കരുതുന്നതുപോലെയുള്ള യുദ്ധ-ക്കുതിരകളായി ആ കുതിരകളെ വിവരിക്കുന്നതും അതിനോട് ചേർത്ത് ആധുനിക യുദ്ധോപകരണങ്ങൾ ആയി ടാങ്കുകളും മറ്റും യോജിക്കുകയില്ല. അതിലെ സന്ദേശത്തെ കാണാതിരിക്കുന്നവരാണ് സൈന്യത്തിലെ 200 ദശലക്ഷം പേരെ, അക്ഷരിക സൈന്യമായും, ഒരു ദേശത്തെ അക്ഷരികദേശമായും (ചൈന) കാണുന്നത്.[34]

(2) കുതിരകളും കുതിരക്കാരും പൊതുവിൽ ആലങ്കാരികയുദ്ധത്തെ*യാണ്*, അല്ലാതെ ഭൗതികമല്ല എന്നു പറഞ്ഞാൽ സ്വീകരിക്കുവാൻ ഒരു തടസവും കാണുന്നില്ല. പലപ്പോഴും മനുഷ്യരുടെ മനുഷ്യത്വമില്ലായ്മയാണ് അക്ഷരികയുദ്ധത്തിൽ എത്തിച്ചേരുന്നത്, അതിൽ നിരപരാധികൾ കൊല്ലപ്പെടും - എന്നാൽ അതാണ് പൊതുവിൽ ജീവിതത്തിൽ നടക്കുന്നത്.

ഞാൻ ഈ പുസ്തകം തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ, 98 ജനുവരിയിലെ, *ക്രിസ്ത്യൻ ക്രോണിക്കിൾ*[35] എന്ന മാസിക എനിക്ക് ലഭിച്ചു. അതിൽ അന്നു കാണപ്പെട്ട മുഖ്യ സംഭവം ഓക്ലഹോമ യൂണിവേഴ്സിറ്റിയിൽ ഒരു തീവയ്പുകാരൻ തീയിട്ടതിന്റെ ഫലമായി $1.5 മില്ല്യൻ ഡോളറിന്റെ കേടുപാടുകൾ വരുത്തി. അതിന്റെ തൊട്ടുതാഴെയുള്ള കോളത്തിൽ, കെന്റക്കിയിലെ പതുക്കയിൽ ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് നേരെ ഒരു യുവാവ് വെടിയുതിർത്തതായിരുന്നു. വിദ്യാർത്ഥികളുടെ കൂട്ടത്തിൽ കർത്താവിന്റെ സഭയിലെ മൂന്ന് അംഗങ്ങളുണ്ടായിരുന്നു.

അത്തരം സംഭവങ്ങൾ തലവാചകങ്ങൾ സൃഷ്ടിക്കും, പക്ഷെ ഓരോ ദിവസവും പാപം അതിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടാണിരിരിക്കുന്നത്: ഒരു പുരുഷന് തന്റെ ഭാര്യയെ കളഞ്ഞ് മറ്റൊരുത്തിയുടെ പുറകെ പോകുവാൻ സ്വന്ത കുടുംബാംഗങ്ങളെ ഉന്മൂലനാശം വരുത്തുന്നു. ഒരു മദ്യപാനി വണ്ടി ഓടിച്ച് മൂന്നു കുഞ്ഞുങ്ങളെ അനാഥരാക്കിക്കൊണ്ട് അവരുടെ മാതാപിതാക്കളെ കൊന്നു. ഒരു പുരുഷൻ തന്റെ സ്വന്തവഴിക്ക് പോകുവാനായി ഒരു

ഇടവകയെ ഭിന്നിപ്പിച്ച് കുറെ പേരെ കർത്താവിൽനിന്ന് അകറ്റി.[36] തീ ദഹിപ്പിക്കയും, പുക ശ്വാസം മുട്ടിക്കയും, ഗന്ധകം പൊള്ളിക്കുകയും ചെയ്യുന്നതുപോലെ, പാപം നമ്മെ മുറിപ്പെടുത്തുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുമെന്ന് നാം മനസിലാക്കണം.

**ഉപസംഹാരം**

നമ്മുടെ അടുത്ത പാഠത്തിൽ, ദൈവത്തിന്റെ മുന്നറിയിപ്പുണ്ടായിട്ടും ആളുകൾക്ക് മാറ്റമൊന്നുമുണ്ടായില്ല എന്ന് നാം കാണും:

> ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളേയും, കാൺമാനും കേൾപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്ക്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ട് മാനസാന്തരപ്പെട്ടില്ല; തങ്ങളുടെ കുലപാതകം. ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല (9:20, 21).

മിക്കപേരുടേതുമെന്നപോലെ നിങ്ങളുടെ ഹൃദയം കഠിനപ്പെട്ടിട്ടില്ല എന്ന് ഞാൻ കരുതുന്നു. നിങ്ങൾ ഇപ്പോഴും ദൈവത്തിന് സ്പർശിക്കാവുന്ന സ്ഥിതിയിലാണ് എന്ന് കരുതുന്നു. നിങ്ങൾ പാപത്തിൽനിന്ന് വിട്ടുതിരിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇന്നു തന്നെ തിരിയുക - നിങ്ങൾക്ക് വേണ്ടിയും നിങ്ങളെ സ്നേഹിക്കുന്നവർക്ക് വേണ്ടിയും.[37] പാപത്തിന്, മറ്റുള്ളവരിൽ ഭയങ്കര ഫലം പുറപ്പെടുവിക്കുവാൻ കഴിയും!

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

നിങ്ങൾ ഇത് പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുമ്പോൾ, ഈ പുസ്തകത്തിൽ നേരത്തെ വന്ന “കാഹളങ്ങൾ മുന്നറിയിക്കുവാനാണ്” എന്ന ചാർട്ട് അവലോകനം നടത്തുക. ഈ പാഠത്തിന് ഉപയോഗിക്കാവുന്ന മറ്റു തലവാചകങ്ങൾ, “നരകത്തിൽനിന്നുള്ള കുതിരക്കാർ,” “നിങ്ങൾക്ക് നഷ്ടമാകുന്ന തലകളും, വാലുകളും!”

---

കുറിപ്പുകൾ

[1]ഏൾ എഫ്. പാർമർ, 1, 2, 3 *ജോൺ & റെവെലേഷൻ.* ദ കമ്മ്യുണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം 12 (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1982), 188. [2]ധൂപയാഗപീഠത്തിന്റെ “കൊമ്പുകൾ” എന്നാണ് പുറപ്പാട് 37:25 പറയുന്നത്. അവ പൊന്നുകൊണ്ടുള്ള യാഗപീഠത്തിന്റെ മുകളിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. അപോകാലിപ്റ്റിക് ഭാഷയിൽ, കൊമ്പ് ശക്തിയെയാണ് സൂചിപ്പിക്കുന്നത് (*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ “കുഞ്ഞാടാണ് യോഗ്യൻ” എന്ന പാഠത്തിലെ 5:6 ന്റെ കുറിപ്പുകൾ നോക്കുക). “പൊന്നുകൊണ്ടുള്ള യാഗപീഠത്തിന്റെ നാല് കൊമ്പുകൾക്ക് പ്രാധാന്യമുണ്ടാകും കാരണം യാഗരക്തം ആ കൊമ്പുകളിൽ അർപ്പിച്ചിരുന്നു (ലേവ്യാപുസ്തകം 4:7). [3]*വെളിപ്പാട്, 2* ലെ “ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ” എന്ന പാഠത്തിലെ 8:3 ന്റെ കുറിപ്പുകൾ നോക്കുക. [4]യൂഫ്രത്തോസ് നദിക്കരികിലാ

യിരുന്ന ദൂതന്മാരെ തുറന്നുവിട്ടു എന്നതിൽനിന്ന്, അവർക്ക് സ്വതന്ത്രമായി എവിടെ വേണമെങ്കിലും പോകാം എന്നർത്ഥം. [5]കാഹളമുള്ള ദൂതൻ ഇതാദ്യമായിട്ടാണ് പ്രഖ്യാപിക്കുന്നതിൽ ഉൾപ്പെടുന്നത്. [6]പർത്ഥരെ കുറിച്ച് കൂടുതൽ അറിയുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ വിവരണങ്ങൾ അവലോകനം നടത്തുക. [7]റേ സമ്മേഴ്സ് "*വർതി ഈസ് ദ ലാമ്പ്*" (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1951), 159. [8]ജി. ആർ. ബീസ്ലേ-മുറേ, *ദ ബുക്ക് ഓഫ് റെവെലേഷൻ,* ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 164. [9]ഹോമർ ഹെയ്ലി, *റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 235. [10]ദ *സിമ്പിൾ ഇംഗ്ലീഷ് ടിഎം ബൈബിൾ ഇന്റർനാഷ്ണൽ എഡിഷൻ* (ഡള്ളാസ്: ഇന്റർനാഷ്ണൽ ബൈബിൾ ഫൗണ്ടേഷൻ, 1980).

[11]8:7-12-ൽ, "ഭൂമിയിൽ മൂന്നിലൊന്ന് വെന്തുപോയി," (ഒന്നാമത്തെ കാഹളത്തിൽ), "സമുദ്രത്തിൽ മൂന്നിലൊന്ന് രക്തമായിത്തീർന്നു," (രണ്ടാമത്തെ കാഹളത്തിൽ), "വെള്ളത്തിൽ മൂന്നിലൊന്ന് കാഞ്ഞിരംപോലെ കൈപായി" (മൂന്നാമത്തെ കാഹളത്തിൽ), "സൂര്യന്റേയും ചന്ദ്രന്റേയും നക്ഷത്രങ്ങളുടേയും മൂന്നിലൊന്നിനെ ബാധിച്ചു (നാലാമത്തെ കാഹളം). [12]രണ്ടു കൂട്ടം ദൂതന്മാരും ഒന്നുതന്നെയാണെന്ന് വിശ്വസിക്കുവാൻ കാരണം ഒന്നും കാണുന്നില്ല. അങ്ങനെയല്ല എന്നു വിശ്വസിക്കുവാൻ ധാരാളം കാരണങ്ങളുണ്ട് താനും.അദ്ധ്യായം *7 ലെ* ദൂതന്മാർ നിയന്ത്രിച്ചു കൊണ്ടിരുന്നു എന്നാണ് പറയുന്നത്, പക്ഷെ അദ്ധ്യായം 9-ൽ നിയന്ത്രിച്ചു എന്നാണ് പറയുന്നത്. കൂടാതെ രണ്ടു സംഘവും രണ്ടു  സ്ഥലത്തായിരുന്നു. [13]വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ, സർപ്പം" എന്ന പാഠത്തിലെ "നാല്" എന്ന സംഖ്യയുടെ ആലങ്കാരികപ്രാധാന്യം നോക്കുക. [14]എം. റോബർട്ട് മുതോളന്റ്, ജൂനിയർ., *റെവെലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്*, ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെന്ററി ജെന. എഡി., എം റോബർട്ട് മുതോളന്റെ ജൂനിയർ. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 198. (എംഫസിസ് മൈൻ.) [15]*മെറ്റാമോർഫോസിസ്* എന്ന ഗ്രീക്ക് വാക്കിന്റെ ചുരുക്കവാക്കാണ് "മോർഫ്," "രൂപമാറ്റം അല്ലെങ്കിൽ ആകൃതി മാറ്റം" എന്നാണ് അർത്ഥം. പണ്ട്, സിനിമയിൽ മാറ്റങ്ങൾ വരുത്തിയിരുന്നത് സ്റ്റോപ്-ഫ്രെയിം നടപടി മുഖാന്തരമായിരുന്നു. എന്നാൽ ആധുനിക "മോർഫിങ്ങ്" കമ്പ്യൂട്ടർ മുഖേനയാണ് ചെയ്യുന്നത്. [16]മൈക്കിൾ വിൽക്കോക്ക്, *ഐ സാ ഹെവെൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവെലേഷൻ*, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്.: ഇന്റർ വാഴ്സിറ്റി പ്രസ്, 1975), 98-99. [17]സമ്മേഴ്സ്, 158-59. [18]*വെളിപ്പാട്, 1* ലെ, "ഇവിടെ ഇതാ, സർപ്പം" എന്ന പാഠത്തിലെ സംഖ്യാലങ്കാരത്തിന്റെ കുറിപ്പുകൾ നോക്കുക. സങ്കീർത്തനങ്ങൾ 68:17-ൽ ദൈവത്തിന്റെ സൈന്യത്തിനും ആലങ്കാരികമായി ആ സംഖ്യ ഉപയോഗിച്ചിട്ടുണ്ട്. (ദാനിയേൽ 7:10 നോക്കുക). [19]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, *ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്,* ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 143. [20]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 202.

[21]"കുതിരക്കാർ" എന്ന പ്രയോഗം കുതിരക്കാർ കൂട്ടിച്ചേർത്തതാണ്. കുതിരകളും കുതിരക്കാരും കവചം ധരിച്ചിരുന്നോ എന്നത് മൂലഗ്രന്ഥത്തിൽ വ്യക്തമല്ല. പർത്ഥരുടെ പട്ടാളത്തിൽ, കുതിരകളും കുതിരക്കാരും കവചം ധരിച്ചിരുന്നു. [22]"നിറം" എന്ന പ്രയോഗം തർജിമക്കാർ ചേർത്തതാണ്, കവചം എന്നത് "ഭയപ്പെടുത്തുന്നതും" പു

കയോടുകൂടിയതുമായിരുന്നു എന്നാണ് ചിലർ കരുതുന്നത്. [23]"ജാസിഞ്ച്" എന്നാണ് ഗ്രീക്കിൽ നിന്നു അക്ഷരീകമായി ചേർത്തിരിക്കന്നത്. ഇരുണ്ട നീലനിറത്തിനും ആ വാക്ക് ഉപയോഗിക്കുന്നുണ്ട്. (ഇതേ വാക്ക് 21:20-ൽ നീല വജ്ര കല്ലിനു ഉപയോഗിച്ചിരിക്കുന്നു.) കെജെവിയിൽ "യാസിന്ത്" എന്ന് അദ്ധ്യായം 9 ലും 21 ലും കാണാം. 9:17 ന്റെ അവസാനഭാഗത്ത്, "പുക" എന്നതിന് "ഹയാസിഞ്ച്" എന്ന് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, ഒരുപക്ഷെ ആ നിറത്തെ പുകപോലെയുള്ള നീല എന്നു പറഞ്ഞേക്കാം. [24]പഴയനിയമത്തിൽ ആ വാക്കുകളുടെ അതേ ഉപയോഗത്തിന്, സങ്കീർത്തനങ്ങൾ 11:6; യെശയ്യാവ് 34:9, 10; യെഹസ്കേൽ 38:22 നോക്കുക. [25]എൽഡ്രഡ് എകോൾസ്, *ഹാവ് ഇന്റു യു ഹേഡ്? ദേർ ഈസ് എ വാർ ഗോയിങ് ഓൺ!: അൺലോക്കിങ് ദ കോഡ് ടു റെവെലേഷൻ* (ഫോർട്ട് വർത്ത്, ടെക്സ്: സ്വീറ്റ് പബ്ലിഷിങ്ങ്, 1995), 180. പ്രത്യേകസംഘത്തിന്റെ ദുരുപദേശമായിരുന്നു എക്കോൾസിന്റെ മനസിൽ. [26]"പിശാച് എന്ന ... മഹാസർപ്പവുമായി" ബന്ധപ്പെട്ടതാണ് സർപ്പത്തിന്റെ വാൽ (12:9). [27]പർത്ഥരുടെ പട്ടാളം മുന്നേറുമ്പോൾ, ശത്രുക്കളുടെ നേർക്ക് തൊടുക്കുവാനുള്ള ശരവർഷവുമായാണ് പോകുന്നത്, തിരിച്ച് വരുമ്പോൾ ശരങ്ങൾ കുതിരകളുടെ വാലിൽ കെട്ടിയിരിക്കും എന്നാണ് പല വ്യാഖ്യാതാക്കളും കരുതുന്നത്. വാക്യം 19-ൽ അത് സ്വാധീനമായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം. [28]*വെളിപ്പാട്, 1* എന്ന പുസ്തകത്തിൽ ഉള്ള "കർത്താവേ, എത്രത്തോളം" എന്ന പാഠവും, ഈ പുസ്തകത്തിൽ തന്നെ കാണുന്ന "ദൈവത്തിന്റെ ഉണരുവാനുള്ള-വിളി" എന്ന പാഠവും "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം" എന്ന പാഠവും നോക്കുക. [29]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ, സർപ്പം" എന്ന പാഠത്തിലെ "മുന്ന്" എന്ന സംഖ്യയുടെ ആലങ്കാരിക കുറിപ്പുകൾ നോക്കുക. [30]നിങ്ങൾ ഇത് ഒരു ക്ലാസിൽ അവതരിപ്പിക്കുകയാണെങ്കിൽ, ഈ സമയത്ത് സൈന്യത്തെ കുറിച്ച് വിദ്യാർത്ഥികളുടെ പ്രതീതി എന്ത് എന്നു ചെദിക്കുക.

[31]പർത്ഥരുടെ സൈന്യത്തെ കുറിച്ച് സാധ്യതയുള്ള ഒഴികഴിവ് എന്തെന്നാൽ, അവർ ഒന്നിൽ കൂടുതൽ തവണ റോമാക്കാരെ പരാജയപ്പെടുത്തിയിരുന്നു. [32]രണ്ടാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ, പുറത്തുവിട്ട ചുവന്ന കുതിരകളുമായി ഈ സൈന്യത്തെ താരതമ്മ്യം ചെയ്യുക (6:3, 4). വെളിപ്പാട്, 2 ലെ ("അതിശയിക്കുവാനൊന്നുമില്ല: "എന്ന പാഠ" വും, "ഇടിമുഴക്കവും") എന്നിവ നോക്കുക. [33]ബെസ്ലേ - മുറേ, 166-67. 34 വാരെൻ വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം 2. (വീറ്റൻ Ill.: വിക്ടർ ബുക്ക്സ്, 1989), 595. [35]ക്രിസ്തുവിന്റെ സഭകളുടെ വർത്തമാന പത്രികയാണ് *ക്രിസ്റ്റ്യൻ ക്രോണിക്കിൾ.* [36]ഞാൻ ഇത് ഒരു ക്ലാസിൽ അവതരിപ്പിക്കുമ്പോൾ, ഒരു വ്യക്തിയുടെ നിഷേധ ഭാവം എന്ന പാപം മറ്റൊരാളെ എങ്ങനെ ബാധിക്കുന്നു എന്നതിനു ഉദാഹരണങ്ങൾ വിദ്യാർത്ഥികളോട് ചോദിക്കും. അങ്ങനെ പല ഉദാഹരണങ്ങളും ലഭിച്ചിട്ടുണ്ട്. [37]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, കർത്താവിനോട് പ്രതികരിക്കുന്നത് എങ്ങനെ എന്ന് സദസ്യരോട് പറയുക. ഈ പുസ്തകത്തിൽ ആദ്യം വന്നതായ "ഉണരു-വാനുള്ള ദൈവത്തിന്റെ വിളി" എന്ന പാഠത്തിന്റേയും "പാപത്തിന്റെ സ്വയ-നശീകരണസ്വഭാവം" എന്ന പാഠത്തിന്റേയും ഉപസംഹാരം നോക്കുക.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ബൈബിളിൽ പറഞ്ഞിരിക്കുന്ന യൂഫ്രത്തോസ് നദിയുടെ കാലങ്ങൾ അവലോ കനം നടത്തുക. യെഹൂദന്മാർക്ക് യൂഫ്രത്തോസ്

നദിക്കുള്ള പ്രാധാന്യം എന്തായിരുന്നു? റോമാക്കാർക്ക് എന്തായിരുന്നു പ്രാധാന്യം?

2. "നാഴിക. ദിവസം, മാസം, വർഷം" എന്നീ പ്രയോഗത്തിന്റെ അർത്ഥമെന്ത് (9:15)?
3. "ഇരുന്നൂറ് ദശലക്ഷം" എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥമെന്ത്?
4. കുതിരകളെയും കുതിരക്കാരെയും വിവരിക്കുകയും - വ്യത്യസ്ത വിശദാംശങ്ങളുടെ സാധ്യതയുള്ള അർത്ഥം വ്യക്തമാക്കുകയും ചെയ്യുക. ഏറ്റവും അധികമായി, ആ വിവരണം വായിക്കുമ്പോൾ, എന്ത് *പ്രതീതിയാണ്* നിങ്ങ ളിൽ ഉളവാക്കുന്നത്?
5. കുതിരകളുടെ *വായിൽനിന്നു* പുറപ്പെട്ട തീയുടേയും പുകയുടേയും സാധ്യതയുള്ള പ്രാധാന്യങ്ങൾ ഏവ?
6. പാപത്തിന്റെ ഫലം മറ്റുള്ളവരിൽ വരുന്നതിന്റെ പല ഉദാഹരണങ്ങളും പാഠത്തിൽ നൽകിയിരിക്കുന്നു. ഇതിനുപുറമെ മറ്റെന്തെങ്കിലും ഉദാഹരണങ്ങൾ നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നുണ്ടോ?



“നരകത്തിൽനിന്നുള്ള കുതിരകളും (കുതിരക്കാരും)”
(9:16–19)